(ബി) ഹരിവരാസനം പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിപ്പെടുന്നത്;

(ഡി) ഹരിവരാസനം പദ്ധതി നടപ്പാക്കാത്തപക്ഷം ശബരിമല വികസനത്തിന് മറ്റെന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഹിന്ദു ഐക്യവേദി സമർപ്പിച്ച ഹരിവരാസനം പദ്ധതിയിന്മേൽ ദേവസ്വംബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഹരിവരാസനം പദ്ധതി നടപ്പാക്കുന്നതിനോട് ദേവസ്വംബോർഡിന് യോജിപ്പില്ലെന്നും ശബരിമല വികസനത്തിനായി ദേവസ്വംബോർഡ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും വനഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഈ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നതാണെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീകോവിലിന് ചുറ്റുമുള്ള ക്ഷേത്ര സമുച്ചയത്തിന്റെ ശരിയായ ക്രമീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതി വിതരണം, വൈദ്യസഹായം, തീർത്ഥാടകരുടെ ദർശനത്തിനുള്ള ക്രമീകരണങ്ങൾ, കെട്ടിട നിർമ്മാണത്തിൽ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ഫ്ളൈഓവർ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി)&(ഇ) ശബരിമല വികസനത്തിന് ദേവസ്വം ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വനഭൂമി ലഭിക്കുന്നതിനനുസരിച്ച് ഇവ നടപ്പാക്കാനാണ് ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നത്. അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമത്തിനും ഉള്ള ഷെഡുകൾ, പ്രാഥമികാവശ്യങ്ങൾക്കായി കൂടുതൽ കക്കൂസുകൾ, ശുദ്ധജല സംഭരണത്തിന് ടാങ്കുകൾ ഡ്യൂട്ടിക്ക് എത്തുന്ന പോലീസുകാർക്കുള്ള താമസസൗകര്യം, കാർഡിയോളജി സെന്റർ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണം, കുന്നാർ ഡാമിൽ ചെക്ക് ഡാം നിർമ്മിക്കൽ, പമ്പയിൽ അഞ്ച് ഹെക്ടർ സ്ഥലത്ത് പാർക്കിംഗ് സൗകര്യം എന്നിവയെല്ലാം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

14 (*70) വിദേശ മുതൽമുടക്ക്

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒട്ടാകെ എന്തു തുകയുടെ വിദേശ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ ഇൻഡ്യയിൽ എന്തു തുകയുടെ വിദേശ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് അറിയുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരളത്തിന് ലക്ഷ്യമിട്ട തോതിലുള്ള വിദേശ മുതൽമുടക്ക് ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം അതിന് എന്തു പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്തൊട്ടാകെയുള്ള വിദേശ മുതൽമുടക്കിന്റെ ഈ കാലയളവിൽ കണക്ക് പ്രത്യേകമായി സൂക്ഷിക്കാറില്ല. ഇതു മിക്കവാറും കൈകാര്യം ചെയ്യുന്നത് വിവിധ ധനകാര്യ സ്ഥാപനങ്ങളാണ്. വിദേശ മുതൽമുടക്ക് പല മേഖലയിലായിട്ടാണ് കാണുന്നത്. വ്യവസായം, ജലസേചനം, വൈദ്യുതി മുതലായവ ഇതിനുദാഹരണമാണ്. മാത്രവുമല്ല സഹകാര്യ പങ്കാളിത്തത്തോടുള്ള നിക്ഷേപങ്ങളും സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) വിവരം ലഭ്യമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

15 (*71) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിധി സ്വരൂപിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര കോടിയുടെ നിധി എന്ന് പറയുമോ;

(ഡി) പ്രസ്തുത നിധി എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള നിധിയുടെ ചുമതല ആരിലെല്ലാമാണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(എഫ്) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കാനുദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത കമ്മറ്റിയുടെ ഘടന എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly